# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.936 05.03.2018 ൽ മറുപടിക്ക്**

**കൊയിലാണ്ടിയിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള നിർമ്മാണം**

| ചോദ്യം<br>ശ്രീ.കെ.ദാസൻ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട കൊയിലാണ്ടി താലൂക്ക് ആശുപത്രി ചുറ്റമതിൽ, ഗേറ്റ് എന്നിവയുടെ നിർമ്മാണം, പ്രധാനസ്ഥലങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവ പൊതുമരാമത്ത് വകുപ്പിൽ നടപടി നീങ്ങാത്തതു കാരണം ഇതുവരെയും ഭരണാനുമതി ആകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ ചുറ്റമതിൽ, ഗേറ്റ് എന്നിവയുടെ ഭരണാനുമതിയ്ക്കായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. കൂടാതെ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രധാന സ്ഥലങ്ങളിൽ ബസ് കാത്തിരിപ്പ് കേന്ദ്ര നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റ് സഹിതം DPR സമർപ്പിക്കുന്നതിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതികൾക്ക് കാലതാമസം വരുന്നത് എന്തുകൊണ്ട് എന്നും എവിടെയാണ് തടസമെന്നും വ്യക്തമാക്കാമോ? | (ബി) | എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഭരണാനുമതി/സാങ്കേതികാനുമതിയ്ക്ക് അയയ്ക്കാൻ കാല താമസമുണ്ടായി. കെട്ടിട വിഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ശരിയായ വേഗത്തിലല്ല നടന്നുവരുന്നത്. ഇപ്പോൾ പുതിയ സർക്കാർ മാറ്റത്തിന് ശ്രമിക്കുന്നുണ്ട്. വർദ്ധിച്ച ആവശ്യങ്ങൾക്ക് ആനുപാതികമായി എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും കുറവുള്ളതിനാൽ ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ കെട്ടിട നിർമ്മാണങ്ങൾ മറ്റു സർക്കാർ ഏജൻസികളെ ഏൽപ്പിക്കേണ്ടതാണെന്ന് ടി വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ